# പതിമൂന്നാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 5649 29.07.2015-ൽ മറുപടിക്ക്

**<u>മത്സ്യബന്ധന ബോട്ടുകളുടെ സുരക്ഷ</u>**

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | ശ്രീ.കെ.എൻ.എ.ഖാദർ | | ശ്രീ. കെ.ബാബു<br>(മത്സ്യബന്ധനവും തുറമുഖവും<br>എക്സൈസും വകുപ്പ് മന്ത്രി) |
| (എ) | സംസ്ഥാനത്ത് മത്സ്യബന്ധന ബോട്ടുകളും വള്ളങ്ങളും കടലിൽ അപകടത്തിൽപ്പെടുന്ന സംഭവങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | എങ്കിൽ മത്സ്യബന്ധന ബോട്ടുകളുടെ സുരക്ഷയ്ക്കായി എന്തെല്ലാം സംവിധാനങ്ങൾ ഒരുക്കിയിട്ടുണ്ട്; | (ബി) | സംസ്ഥാനത്ത് ആധുനിക കടൽ സുരക്ഷാ സംവിധാനങ്ങളുടെ ഭാഗമായി മത്സ്യ-ബന്ധന ബോട്ടുകളിൽ ആട്ടോമാറ്റിക് ഫിഷിംഗ് വെസ്സൽ മോണിറ്ററിംഗ് സിസ്റ്റം നടപ്പിലാക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ച് വരുന്നു. കൂടാതെ കടൽ സുരക്ഷയുടെ ഭാഗമായി കടലിൽ അപകടത്തിൽപ്പെടുന്നവരെ സഹായിക്കാൻ ആധുനിക സംവിധാനങ്ങൾ ഉള്ള 3 മറൈൻ ആംബുലൻസുകൾ വാങ്ങുന്നതിന് അനുമതി നൽകിയിട്ടുണ്ട്. |
| (സി) | മത്സ്യബന്ധന ബോട്ടുകളെ നിരീക്ഷിക്കുന്നതിനും അപകടത്തിൽപ്പെട്ടാൽ രക്ഷിക്കുന്നതിനുമുള്ള വെസ്സൽ ട്രാക്കിംങ് സംവിധാനം ആദ്യ ഘട്ടത്തിൽ എത്ര ബോട്ടുകളിലാണ് ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നത് ; | (സി) | മത്സ്യബന്ധന ബോട്ടുകളെ നിരീക്ഷിക്കുന്നതിനും അപകടത്തിൽപ്പെട്ടാൽ രക്ഷിക്കുന്നതിനുമുള്ള വെസ്സൽ ട്രാക്കിംഗ് സംവിധാനം ഏർപ്പെടുത്തുന്നതിന്റെ ആദ്യഘട്ടം എന്ന നിലയിൽ കൊല്ലം ജില്ലയിലെ 300 യന്ത്രവത്കൃത ബോട്ടുകളിലാണ് പ്രസ്തുത സംവിധാനം ഏർപ്പെടുത്താൻ തീരുമാനിച്ചിരിക്കുന്നത്. |
| (ഡി) | ഇത്തരം ബോട്ടുകളെ തെരഞ്ഞെടുക്കുന്നതിന്റെ മാനദണ്ഡം നിശ്ചയിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കാമോ; സംസ്ഥാനത്തെ എല്ലാ മത്സ്യബന്ധന ബോട്ടുകളിലും പ്രസ്തുത സംവിധാനം ഏർപ്പെടുത്തുന്ന കാര്യം പരിഗണിക്കുമോ? | (ഡി) | 1) എം.എസ്.ആക്ട് പ്രകാരം രജിസ്റ്റർ ചെയ്തിട്ടുള്ള മത്സ്യബന്ധന ബോട്ടുകളായിരിക്കണം.<br>2) ബോട്ടുടമകൾ ഗുണഭോക്തൃ വിഹിതമായ 2600 രൂപ ഫിഷറീസ് വകുപ്പിൽ അടയ്ക്കാൻ സന്നദ്ധരായിരിക്കണം. ടി മാനദണ്ഡം പാലിക്കുന്ന ആദ്യത്തെ 300 ബോട്ടുടമകളുടെ അപേക്ഷകളിൽ നിന്നുമാണ് വെസ്സൽ ട്രാക്കിംഗ് സംവിധാനം ഘടിപ്പിക്കുന്നതിന് വേണ്ടിയുള്ള ബോട്ടുകളെ തെരഞ്ഞെടുക്കുന്നത്. ടി പദ്ധതി വിജയകരമായി നടപ്പാക്കുന്ന പക്ഷം സംസ്ഥാനത്തെ എല്ലാ മത്സ്യബന്ധന ബോട്ടുകളിലും വെസ്സൽ ട്രാക്കിംഗ് സംവിധാനം ഘടിപ്പിക്കുന്ന കാര്യം പരിശോധിക്കുന്നതാണ്. കെൽട്രോണിന്റെയും സി-ഡിറ്റിന്റെയും സാങ്കേതിക സഹായത്തോടെയാണ് പദ്ധതി നടപ്പിലാക്കുന്നത്. |

സെക്ഷൻ ഓഫീസർ